## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 606 — 08.08. 2017 ൽ മറുപടിക്ക്

## ഊർജ്ജ കിരൺ പദ്ധതി

| ചോദ്യം<br>ശ്രീ.സി.ദിവാകരൻ | ഉത്തരം<br>ശ്രീ.എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് വൈദ്യുതി വകുപ്പ് നടപ്പിലാക്കുന്ന ഊർജ്ജ കിരൺ പദ്ധതിയുടെ വിശദാംശം നൽകുമോ; | (എ) പൊതുജനങ്ങളിൽ ഊർജ്ജസംരക്ഷണ അവബോധം സൃഷ്ടിക്കുന്നതിനായി കേരളത്തിലെ 140 നിയോജക മണ്ഡലങ്ങളിലും ഊർജ്ജ കിരൺ എന്ന പേരിൽ പദ്ധതി നടപ്പിലാക്കി വരുന്നു. ഊർജ്ജ കിരൺ പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട സന്നദ്ധ സംഘടനകൾ മുഖേന ഊർജ്ജസംരക്ഷണ ബോധവൽക്കരണ ക്ലാസ്സുകളും റാലികളും നടത്തി വരുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ 304 പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) 2016-17-ൽ തിരുവനന്തപുരം ജില്ലയിൽ എവിടെയൊക്കെയാണ് ഊർജ്ജ കിരൺ പദ്ധതിയുടെ ഭാഗമായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചതെന്ന് വ്യക്തമാക്കുമോ; | (ബി) തിരുവനന്തപുരം ജില്ലയിലെ 14 നിയോജക മണ്ഡലങ്ങളിലായി ഊർജ്ജ കിരൺ പദ്ധതിയുടെ ഭാഗമായി 2016-17 സാമ്പത്തിക വർഷത്തിൽ 47 പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്. 37 ബോധവൽക്കരണ ക്ലാസ്സുകളും 10 റാലികളും അതിൽ ഉൾപ്പെട്ടിട്ടുണ്ട്. പാറശ്ശാല നിയോജകമണ്ഡലത്തിൽ 6 പരിപാടികളും വാമനപുരം നിയോജകമണ്ഡലത്തിൽ 5, തിരുവനന്തപുരം അരുവിക്കര, കോവളം, നേമം, കാട്ടാക്കട എന്നീ നിയോജകമണ്ഡലങ്ങളിൽ 4 പരിപാടികളും നെയ്യാറ്റിൻകര, ആറ്റിങ്ങൽ, വർക്കല എന്നീ നിയോജകമണ്ഡലങ്ങളിൽ 3 പരിപാടികളും വട്ടിയൂർക്കാവ്. നെടുമങ്ങാട് ചിറയിൻകീഴ് എന്നീ സ്ഥലങ്ങളിൽ 2 പരിപാടികളും, കഴക്കൂട്ടത്ത് ഒരു പരിപാടിയും നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) ഇതിനായി എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ? | (സി) 2016-17 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം ജില്ലയിലെ 47 പരിപാടികൾക്കായി 4,70,000 രൂപ ചെലവഴിച്ചു. |

സെക്ഷൻ ഓഫീസർ